എ.വൈ.ആർ

സൂറ-12

# യൂസുഫ്

قَالُوا۟ تَٱللَّهِ تَفْتَؤُا۟ تَذْكُرُ يُوسُفَ حَتَّىٰ تَكُونَ حَرَضًا أَوْ تَكُونَ مِنَ ٱلْهَٰلِكِينَ ﴿٨٥﴾

85 പുത്രന്മാർ അദ്ദേഹത്തോടു പറഞ്ഞു: അല്ലാഹുവാണ, അങ്ങ് യൂസുഫിനെത്തന്നെ ഓർത്തുകൊണ്ടിരിക്കുകയാണ്. ആധിപൂണ്ട് അങ്ങ് നിത്യരോഗിയാവുകയോ ജീവഹാനി വരുത്തുകയോ ചെയ്യാറായിരിക്കുന്നു.

قَالَ إِنَّمَآ أَشْكُوا۟ بَثِّى وَحُزْنِىٓ إِلَى ٱللَّهِ وَأَعْلَمُ مِنَ ٱللَّهِ مَا لَا تَعْلَمُونَ ﴿٨٦﴾

86 അദ്ദേഹം പ്രതിവചിച്ചു: ഞാനെന്റെ വ്യഥയും വ്യാധിയും ആവലാതിപ്പെടുന്നത് അല്ലാഹുവിനോടു മാത്രമാകുന്നു. നിങ്ങൾക്കറിവില്ലാത്ത പലതും അല്ലാഹുവിങ്കൽനിന്ന് ഞാൻ അറിയുന്നുണ്ട്.

يَٰبَنِىَّ ٱذْهَبُوا۟ فَتَحَسَّسُوا۟ مِن يُوسُفَ وَأَخِيهِ وَلَا تَا۟يْـَٔسُوا۟ مِن رَّوْحِ ٱللَّهِ ۖ إِنَّهُۥ لَا يَا۟يْـَٔسُ مِن رَّوْحِ ٱللَّهِ إِلَّا ٱلْقَوْمُ ٱلْكَٰفِرُونَ ﴿٨٧﴾

87 എന്റെ മക്കളേ, നിങ്ങൾ പോയി യൂസുഫിനെയും സഹോദരനെയും അന്വേഷിക്കുവിൻ. അല്ലാഹുവിന്റെ കാരുണ്യത്തിൽ നിരാശപ്പെടരുത്. എന്തുകൊണ്ടെന്നാൽ ദൈവത്തെ നിഷേധിക്കുന്ന ആളുകളല്ലാതെ അല്ലാഹുവിന്റെ കാരുണ്യത്തിൽ നിരാശപ്പെടുകയില്ല എന്നത്രെ സത്യം.

فَلَمَّا دَخَلُوا۟ عَلَيْهِ قَالُوا۟ يَٰٓأَيُّهَا ٱلْعَزِيزُ مَسَّنَا وَأَهْلَنَا ٱلضُّرُّ وَجِئْنَا بِبِضَٰعَةٍ مُّزْجَىٰةٍ فَأَوْفِ لَنَا ٱلْكَيْلَ وَتَصَدَّقْ عَلَيْنَآ ۖ إِنَّ ٱللَّهَ يَجْزِى ٱلْمُتَصَدِّقِينَ ﴿٨٨﴾

88 മിസ്റിൽ എത്തി യൂസുഫിനെ സന്ദർശിച്ചപ്പോൾ അവർ അപേക്ഷിച്ചു: അല്ലയോ പ്രഭോ, ഞങ്ങളെയും കുടുംബങ്ങളെയും കൊടും ദുരിതം ബാധിച്ചിരിക്കുന്നു. ഞങ്ങൾ കുറച്ചു താണ ദ്രവ്യവുമായിട്ടാണ് വന്നിട്ടുള്ളത്. അങ്ങ് ഞങ്ങൾക്ക് നിറച്ചളന്നു തരേണം. ദാനം ചെയ്യുകയും വേണം. തീർച്ചയായും ധർമനിഷ്ഠന്മാർക്ക് അല്ലാഹു പ്രതിഫലം നൽകുമല്ലോ.

قَالَ هَلْ عَلِمْتُم مَّا فَعَلْتُم بِيُوسُفَ وَأَخِيهِ إِذْ أَنتُمْ جَٰهِلُونَ ﴿٨٩﴾

89 യൂസുഫ് ചോദിച്ചു: നിങ്ങൾ അവിവേകികളായിരുന്നപ്പോൾ യൂസുഫിനോടും അവന്റെ സഹോദരനോടും എന്തു കടുംകൈയാണ് ചെയ്തതെന്ന് അറിഞ്ഞുവോ?

قَالُوا۟= അവർ(പുത്രന്മാർ അദ്ദേഹത്തോട്) പറഞ്ഞു تَٱللَّهِ= അല്ലാഹുവാണ

تَفْتَؤُا۟ تَذْكُرُ يُوسُفَ= അങ്ങ് യൂസുഫിനെത്തന്നെ ഓർത്തുകൊണ്ടേയിരിക്കുകയാണ്

حَتَّىٰ تَكُونَ= അങ്ങ് ആകുന്നതുവരെ (ആവാറായിരിക്കുന്നു) حَرَضًا= നിത്യരോഗി

أَوْ تَكُونَ= അല്ലെങ്കിൽ അങ്ങ് ആകുന്നതുവരെ(ആവാറായിരിക്കുന്നു) مِنَ ٱلْهَٰلِكِينَ= നശിക്കുന്നവരിൽ പെട്ടവൻ(ജീവഹാനി വരുത്തുകയോ)

قَالَ= അദ്ദേഹം പറഞ്ഞു(പ്രതിവചിച്ചു) إِنَّمَآ أَشْكُوا۟= ഞാൻ ആവലാതിപ്പെടുന്നു(ന്നത്) بَثِّى= വ്യാധി وَحُزْنِىٓ= വ്യഥയും

إِلَى ٱللَّهِ= അല്ലാഹുവിലേക്ക്(അല്ലാഹുവിനോട്)മാത്രം(ആകുന്നു) وَأَعْلَمُ= ഞാൻ അറിയുന്നുണ്ട് مِنَ ٱللَّهِ= അല്ലാഹുവിൽനിന്ന്

നിങ്ങൾ പോകുവിൻ =اذْهَبُوا۟ എന്റെ മക്കളേ =يَٰبَنِىَّ നിങ്ങൾ അറിയാത്തത്(പലതും) =مَا لَا تَعْلَمُونَ

യൂസുഫിനെയും അവന്റെ സഹോദരനെയും =مِن يُوسُفَ وَأَخِيهِ എന്നിട്ട് അന്വേഷിക്കുവിൻ =فَتَحَسَّسُوا۟

എന്തുകൊണ്ടെന്നാൽ സത്യം =إِنَّهُۥ അല്ലാഹുവിന്റെ കാരുണ്യത്തിൽ =مِن رَّوْحِ ٱللَّهِ نിങ്ങൾ നിരാശപ്പെടരുത് =وَلَا تَا۟يْـَٔسُوا۟

അല്ലാഹുവിന്റെ കാരുണ്യത്തിൽ =مِن رَّوْحِ ٱللَّهِ നിരാശപ്പെടുകയില്ല =لَا يَا۟يْـَٔسُ

(ദൈവത്തെ) നിഷേധിക്കുന്ന ആളുകൾ അല്ലാതെ =إِلَّا ٱلْقَوْمُ ٱلْكَٰفِرُونَ

അവർ(മിസ്റിൽ എത്തി) യൂസുഫി(നെ)ന്റെ മേൽ പ്രവേശിച്ച(സന്ദർശിച്ച)പ്പോൾ =فَلَمَّا دَخَلُوا۟ عَلَيْهِ

ഞങ്ങളെ തൊട്ടു(ബാധിച്ചിരിക്കുന്നു) =مَسَّنَا അല്ലയോ പ്രഭോ =يَٰٓأَيُّهَا ٱلْعَزِيزُ (അപേക്ഷിച്ചു) അവർ പറഞ്ഞു =قَالُوا۟

ഞങ്ങൾ വന്നു(ന്നിട്ടുള്ളത്) =وَجِئْنَا (കൊടിയ) ദുരിതം, ക്ഷാമം =ٱلضُّرُّ ഞങ്ങളുടെ കുടുംബത്തെയും =وَأَهْلَنَا

അങ്ങ് പൂർത്തിയാക്കണം, (നിറച്ചും) =فَأَوْفِ താണ, തുഛമായ, കലർത്തിയ =مُّزْجَىٰةٍ കുറച്ചു ചരക്കു, ദ്രവ്യവുമായിട്ട്(ാണ്) =بِبِضَٰعَةٍ

ഞങ്ങളുടെ മേൽ =عَلَيْنَآ ദാനം ചെയ്യുകയും വേണം =وَتَصَدَّقْ അളവ്(അളക്കേണം) =ٱلْكَيْلَ ഞങ്ങൾക്ക് =لَنَا

ധർമിഷ്ഠന്മാർക്ക്, ദാനം ചെയ്യുന്നവർക്ക് =ٱلْمُتَصَدِّقِينَ തീർച്ചയായും അല്ലാഹു പ്രതിഫലം നൽകുമല്ലോ =إِنَّ ٱللَّهَ يَجْزِى

നിങ്ങൾ അറിഞ്ഞുവോ(മനസ്സിലാക്കിയോ) =هَلْ عَلِمْتُم അദ്ദേഹം(യൂസുഫ്) പറഞ്ഞു, ചോദിച്ചു =قَالَ

യൂസുഫിനോടും അവന്റെ സഹോദരനോടും =بِيُوسُفَ وَأَخِيهِ നിങ്ങൾ എന്ത്(കടുംകൈ)ആണ് ചെയ്തതെന്ന് =مَّا فَعَلْتُم

അവിവേകികൾ, അജ്ഞർ =جَٰهِلُونَ അപ്പോൾ നിങ്ങൾ ആയിരിക്കെ(ആയിരുന്നപ്പോൾ) =إِذْ أَنتُمْ

**85:** 'അല്ലാഹുവാണ' എന്ന അർഥത്തിൽ അറബി ഭാഷയിൽ وَاللّٰه എന്നു പറയും. അതിലെ واو ചിലപ്പോൾ تاء ആക്കി മാറ്റും. അതാണ് تَٱللَّهِ. لاتزال (ആയിക്കൊണ്ടേയിരിക്കുക) വിന്റെ പര്യായമാണ് تَفْتَؤُا۟. നിത്യരോഗിയും മാരകരോഗിയുമാണ് حرض. ഇത് സ്ത്രീലിംഗമായും പുല്ലിംഗമായും ഏകവചനമായും ബഹുവചനമായും എല്ലാം ഉപയോഗിക്കും. നശിക്കുന്നവരാണ് ٱلْهَٰلِكِينَ. ഇവിടെ ഉദ്ദേശ്യം മരിക്കുകയാണ്. പിതാവിന്റെ ദുഃഖം കണ്ട് മക്കൾ യഅ്ഖൂബിനോട് പറയുകയാണ്: ഏതോ കാലത്ത് ചെന്നായ തിന്നുപോയ യൂസുഫിനെയും ഓർത്ത് കേഴുകയാണ് അങ്ങ് ഇപ്പോഴും. ഇങ്ങനെ പോയാൽ അങ്ങൊരു നിത്യരോഗിയായിത്തീരും. അല്ലെങ്കിൽ അങ്ങയുടെ ജീവൻ അപകടപ്പെട്ടേക്കും. അതുകൊണ്ട് പിതാവ് യൂസുഫിനെ മറന്ന് ദുഃഖമുക്തനാകണം. അവനെ കൂടാതെ വേറെയും പതിനൊന്നു പുത്രന്മാർ അങ്ങേക്കുണ്ടല്ലോ. പിന്നെന്തിന് അവനെ മാത്രം ഓർത്ത് ഇത്രയേറെ വ്യഥിതനാകണം?!

മക്കളുടെ ഈ ഉപദേശം പ്രത്യക്ഷത്തിൽ പിതാവിനോടുള്ള സഹാനുഭൂതിയാണെങ്കിലും അതിന്റെ ആന്തരിക പ്രേരകം, അവരുടെ സഹോദര വിദ്വേഷവും അസൂയയും തന്നെയാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു. യൂസുഫിനെ അവർ അദ്ദേഹത്തിൽനിന്നകറ്റിയത് പിതാവിന്റെ സ്നേഹവും ശ്രദ്ധയും അവരിലേക്കു മാത്രം ഒതുങ്ങിക്കിട്ടാനായിരുന്നു. യൂസുഫ് പോയിട്ട് ഇപ്പോൾ പതിറ്റാണ്ടുകൾ കഴിഞ്ഞു. എന്നിട്ടും അദ്ദേഹം ഒറ്റക്കിരുന്നു അവനെച്ചൊല്ലി വിലപിക്കുകയാണ്. അദ്ദേഹത്തിന്റെ മനസ്സിൽ ഇപ്പോഴും നിറഞ്ഞുനിൽക്കുന്നത് തങ്ങളല്ല, യൂസുഫാണ് എന്നാണല്ലോ അതിനർഥം. ഇതാണവരെ ചൊടിപ്പിക്കുന്നത്.

യഅ്ഖൂബ് മക്കളിൽനിന്ന് തിരിഞ്ഞുപോയി എവിടെയോ ഒറ്റക്കിരുന്നാണ് വിലപിച്ചതെങ്കിൽ മക്കൾ എങ്ങനെയാണ് അദ്ദേഹത്തോടിങ്ങനെ സംസാരിക്കുക എന്നൊരു ചോദ്യം ചിലർ ഉയർത്തിയിട്ടുണ്ട്. تَوَلَّىٰ عَنْهُمْ (അവരിൽനിന്നു പിന്തിരിഞ്ഞു) എന്നതിന്റെ താൽപര്യം 'അവരോട് തർക്കിക്കാൻ നിന്നില്ല' എന്ന് വെയ്ക്കുമ്പോൾ ഈ ചോദ്യം അപ്രസക്തമാകുന്നു. 'മക്കളിൽനിന്ന് പിരിഞ്ഞുപോയി ഏകാന്തനായി ഒരിടത്തിരുന്നു' എന്ന് അർഥം കൽപിക്കുന്നവരുടെ മറുപടി ഇതാണ്. മക്കളിൽ നിന്നകന്ന് ഏകാന്തനായി ഒരിടത്തു ചെന്നിരുന്നു എന്നതിന് നാടുവിട്ടുപോയി എന്നൊന്നും അർഥമില്ല. നാട്ടിൽ ഒരു പക്ഷേ വീട്ടിൽ തന്നെ ഒരകന്ന സ്ഥലത്തായിരുന്നു അദ്ദേഹം; ആ സ്ഥലം മക്കൾക്ക് അജ്ഞാതമായിരിക്കണമെന്നില്ല. ഇനി അജ്ഞാതമോ അവർക്കു പ്രവേശനമില്ലാത്തതോ ആയിരുന്നുവെങ്കിൽ തന്നെ കുടുംബത്തിൽ മരുമക്കളും പേരക്കുട്ടികളുമായി വേറെയും ധാരാളമാളുകളുണ്ടല്ലോ. അവരിലാർക്കും ഇങ്ങനെ പറയാവുന്നതാണ്. قَالُوا۟– അവർ പറഞ്ഞു എന്നേ ഖുർആൻ പറയുന്നുള്ളൂ. ആ അവർ ആരുമാകാം.

**86:** മക്കളുടെ ഉപദേശത്തോടുള്ള യഅ്ഖൂബ് നബിയുടെ പ്രതികരണമാണിത്. ശരിയാണ് യൂസുഫിനെ ചൊല്ലി എനിക്ക് വലുതായ വ്യഥയും വേദനയുമുണ്ട്. പക്ഷേ, അതൊന്നും പറഞ്ഞ് ഞാൻ നിങ്ങളെ സ്വൈര്യം കെടുത്തുന്നില്ലല്ലോ. വിധാതാവിന്റെ മുമ്പിലാണ്, മറ്റാരുടെയും മുമ്പിലല്ല എന്റെ വ്യഥയുടെയും വേദനയുടെയും ഭാണ്ഡം അഴിക്കുന്നത്. ദൈവദാസൻ അവന്റെ യജമാനന്റെ മുന്നിൽ വിലപിക്കുന്നതിൽ യാതൊരു തിന്മയുമില്ല. എന്നല്ല അതൊരു ഇബാദത്താകുന്നു. ഇതൊരു പാഴ്‌വേലയാണെന്നാണ് നിങ്ങൾ കരുതുന്നത്. എന്നാൽ അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങളുടേതിൽനിന്ന് വ്യത്യസ്തമാണ് എന്റെ അനുഭവം. നിങ്ങൾക്കജ്ഞാതമായ പല കാര്യങ്ങളും അവങ്കൽനിന്ന് ഞാൻ അറിയുന്നു. അതിനാൽ എന്നെ എന്റെ പാട്ടിനു വിട്ടേക്കുക. ഞാനിപ്പോഴും എന്റെ നാഥന്റെ കാരുണ്യത്തിൽ നിരാശനായിട്ടില്ല.

ജീവിതത്തിൽ പ്രിയപ്പെട്ടതും വിലപ്പെട്ടതുമായ സംഗതികൾ നഷ്ടപ്പെടുമ്പോൾ സങ്കടപ്പെടുകയും ഏറെ പ്രയത്നിച്ചു കൊതിച്ച നേട്ടങ്ങൾ കൈവരുമ്പോൾ സന്തോഷിക്കുകയും ചെയ്യുക മനുഷ്യസഹജമാണ്. സങ്കടങ്ങളും സന്തോഷങ്ങളും അക്ഷരഭാഷയിലൂടെയും ശരീര ഭാഷയിലൂടെയും പ്രകടിപ്പിക്കുന്നതും സ്വാഭാവികം. അതിൽ പണ്ഡിതനെന്നോ പാമരനെന്നോ വ്യത്യാസമില്ല. എന്നാൽ സങ്കടവും സന്തോഷവും അതിരുവിട്ടു

പ്രവർത്തിച്ചു കൂടാ. അതിരുവിട്ട സന്താപ പ്രകടനവും സന്തോഷ പ്രകടനവും വിവേകമില്ലാത്ത മൂഢന്മാരുടെ ലക്ഷണമാണ്. ഒരു സങ്കടമുണ്ടാകുമ്പോൾ തന്റെ സകല സൗഭാഗ്യങ്ങളും നശിച്ചു എന്നു പരിഭ്രമിച്ച് നിരാശാഗർത്തത്തിൽ പതിക്കുന്നവരും, ഒരു നേട്ടമുണ്ടാകുമ്പോൾ അമിതമായി നിഗളിച്ച് നിലംവിട്ടു ചാടുന്നവരും തങ്ങളുടെ ജീവിതം തുലക്കുന്നു. തനിക്കേറെ പ്രിയപ്പെട്ടവരും തന്നോട് ഏറ്റം പ്രിയമുള്ളവരുമായ രണ്ടു മക്കൾ നഷ്ടപ്പെട്ടപ്പോഴും യഅ്ഖൂബ് നബി അല്ലാഹുവിന്റെ മുമ്പിൽ കെട്ടഴിക്കുന്നത് കുറ്റപ്പെടുത്തലിന്റെയും നൈരാശ്യത്തിന്റെയും ഭാണ്ഡമല്ല. ആശാപാശം കൈവിടാത്ത വിശ്വാസിയുടെ പ്രതീക്ഷാപൂർവമുള്ള പ്രാർഥനയാണ്. അതാണ് വിശ്വാസിയുടെ ഗുണം. ഏതു പ്രതിസന്ധിയിലും അല്ലാഹുവിന്റെ കാരുണ്യത്തിലുള്ള വിശ്വാസം ഒരു സാന്ത്വനമായും പ്രതീക്ഷയുടെ പിടിവള്ളിയായും അവന്റെ കൈവശമുണ്ടാകും.

കണ്ണീരും കരച്ചിലുമൊക്കെ പ്രവാചകന്മാരെപ്പോലുള്ള മഹാത്മാക്കൾക്കു ചേരാത്ത കാര്യങ്ങളാണ് എന്ന് ചില പ്രവാചക ശിഷ്യന്മാർ കരുതിയിരുന്നു. പ്രവാചക പുത്രൻ ഇബ്റാഹീം മരണപ്പെട്ടപ്പോൾ അദ്ദേഹം കരയുന്നതു കണ്ട് ചില ശിഷ്യന്മാർ 'അങ്ങ് കരയുകയോ' എന്ന് വിമർശന സ്വഭാവത്തിൽ ചോദിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രതികരണം ഇതായിരുന്നു: "തീർച്ചയായും കണ്ണുകൾ ബാഷ്പമൊഴുക്കും. മനസ്സ് തരളിതമാവുകയും ചെയ്യും. പക്ഷേ, നമ്മുടെ നാഥൻ തൃപ്തിപ്പെടാത്തതൊന്നും നാം പറയുകയില്ല. ഓ, ഇബ്റാഹീം നിന്റെ വേർപാടിൽ തീർച്ചയായും ഞങ്ങൾ ദുഃഖിതരാണ്" (ബുഖാരി, മുസ്‌ലിം).

ദുഃഖമുണ്ടാകുമ്പോൾ മൂഢജനങ്ങളിൽനിന്നുണ്ടാകുന്ന അലമുറയിടലും മാറത്തടിയും മുഖത്തടിയും വസ്ത്രങ്ങൾ കീറിയെറിയലുമൊക്കെയാണ് ആക്ഷേപകരമായ ദുഃഖപ്രകടനങ്ങൾ. പ്രവാചകന്റെ പുത്രൻ മരിച്ചപ്പോൾ അദ്ദേഹം കരയുന്നത് കണ്ട് ചില ശിഷ്യന്മാർ ചോദിച്ചു: "തിരുദൂതരേ, അങ്ങ് കരയുകയോ കരച്ചിൽ ഞങ്ങൾക്ക് അങ്ങ് നിരോധിച്ചിരിക്കെ?" തിരുമേനി പറഞ്ഞു: "ഞാൻ നിങ്ങൾ കരയുന്നത് നിരോധിച്ചിട്ടില്ല. സന്തോഷവേളയിലും സങ്കടവേളയിലും വിഡ്ഢികൾ അലമുറയിടുന്നതു മാത്രമാണ് ഞാൻ നിരോധിച്ചത്." തന്റെ ഉറ്റവരാരോ മരിച്ചപ്പോൾ കരഞ്ഞ ഹസൻ ബസ്വരി പറയുകയുണ്ടായി: "ദുഖം യഅ്ഖൂബിന്ന് അല്ലാഹു ഒരപമാനമാക്കിയതായി ഞാൻ കണ്ടിട്ടില്ല."

**87:** 83-ാം സൂക്തത്തിൽ, എന്റെ മക്കളെല്ലാവരെയും അല്ലാഹു എന്റെ മുമ്പിൽ ഒരുമിച്ചു കൂട്ടിയേക്കാം എന്ന് യഅ്ഖൂബ് നബി പ്രതീക്ഷ പ്രകടിപ്പിച്ചിരുന്നു. ആ പ്രതീക്ഷയെയും യൂസുഫിനെച്ചൊല്ലി ഇനിയും ദുഃഖിച്ചുകൊണ്ടിരിക്കുന്നതിനെയും അദ്ദേഹത്തിന്റെ മക്കൾ വിമർശിച്ചു. അതിനു മറുപടിയായി 86-ാം സൂക്തത്തിൽ, ഞാൻ എന്റെ ആവലാതികൾ ബോധിപ്പിക്കുന്നത് അല്ലാഹുവിനോടാണെന്നും എന്റെ ആവലാതിക്ക് എന്തെങ്കിലും ഫലം ഇല്ലാതിരിക്കുകയില്ലെന്നും അദ്ദേഹം പറഞ്ഞു. ഈ പ്രതീക്ഷയുടെയും പ്രസ്താവനയുടെയും അനുബന്ധമായി അദ്ദേഹം മക്കളോടു നിർദേശിക്കുകയാണ്, നിങ്ങൾ തിരിച്ചു പോയി യൂസുഫിനെയും സഹോദരനെയും അന്വേഷിച്ചു നോക്കണം. ٱذْهَبُوا۟ فَتَحَسَّسُوا۟ എന്നാണ് മൂലവാക്ക്. حسّ ൽ നിന്നു നിഷ്പന്നമായ കൽപന ക്രിയയാണ് تَحَسَّسُوا۟. ജ്ഞാനേന്ദ്രിയമാണ് حسّ. ജ്ഞാനം, പരിസരബോധം എന്നീ അർഥങ്ങളിലും ഉപയോഗമുണ്ട്. പഞ്ചേന്ദ്രിയങ്ങൾക്ക് الحواس الخمسة എന്നുപറയും. എല്ലാ ജ്ഞാനേന്ദ്രിയങ്ങളും നല്ലവണ്ണം ഉപയോഗിച്ച് അന്വേഷിക്കുക എന്ന അർഥത്തിലാണ് تَحَسَّسُوا۟ എന്നു പറയുന്നത്. تحسّسന് സമാനമായ പദമാണ് تجسّس. രഹസ്യം ചുഴിഞ്ഞന്വേഷിക്കുക എന്ന അർഥത്തിലാണത് ഉപയോഗിക്കാറുള്ളത്. وَلَا تجسّسوا എന്ന് ഖുർആൻ നിർദ്ദേശിച്ചിട്ടുണ്ട്. അന്യരുടെ രഹസ്യങ്ങൾ ചുഴിഞ്ഞന്വേഷിക്കരുത് എന്നർഥം. جاسوِس ചാരനാണ്. ഗുണകരമായ വിവരങ്ങളന്വേഷിക്കൽ تحسسഉം അനാവശ്യ വിവരങ്ങളന്വേഷിക്കൽ تجسّس ഉം ആണെന്ന് ഭാഷാഭിജ്ഞർ പറയുന്നു. ഇളംകാറ്റുപോലെ മൃദുല സാന്ത്വനമായി അനുഭവപ്പെടുന്ന കനിവാണ് روح. അറബിയിലെ ريح–رائحة ، روح–روح തുടങ്ങിയ പദങ്ങളെല്ലാം ഒരേ ധാതുവിൽ നിന്നുള്ളതാണ്. ريح കാറ്റും رائحة ഗന്ധവുമാണ്. ആത്മാവ്, ജീവൻ, ചൈതന്യം, എസ്സൻസ് മുതലായ അർഥങ്ങളിലുപയോഗിക്കുന്നതാണ് روح. പരിശുദ്ധാത്മാവിനെ روح القدس എന്നു പറയുന്നു.

യഅ്ഖൂബ് പുത്രന്മാരോട് യൂസുഫിനെ അന്വേഷിച്ചു പോകാൻ പറഞ്ഞപ്പോൾ അവരുടെ മനോഗതം ഇതായിരുന്നു. യൂസുഫ് അപ്രത്യക്ഷനായിട്ട് എത്രയോ വർഷങ്ങളായി. ഇതിനകം ചുറ്റുപാടുമുള്ള പല നാടുകൾ തങ്ങൾ സന്ദർശിച്ചു. ഈജിപ്തിൽ പലവട്ടം പോയി. എവിടെയും യൂസുഫിന്റെ ഒരു തുമ്പും കിട്ടിയിട്ടില്ല. ഇനിയും അവനെ അന്വേഷിച്ച് ഊരുതെണ്ടുന്നത് വെറും പാഴ്‌വേലയാണ്. അവന്റെ സഹോദരനെയാവട്ടെ ഈജിപ്ഷ്യൻ രാജാവ് പിടിച്ച് അടിമയാക്കിയിരിക്കയാണ്. വിട്ടുകിട്ടാൻ ചെയ്യാവുന്നതൊക്കെ ഞങ്ങൾ ചെയ്തു നോക്കി കഴിഞ്ഞിരിക്കുന്നു. അവന്റെ കാര്യത്തിലും തങ്ങൾക്കിനി ഒന്നും ചെയ്യാനില്ല. രണ്ടുപേരും എന്നെന്നേക്കുമായി നഷ്ടപ്പെട്ടതു തന്നെ. മക്കളുടെ ഈ മനോഭാവത്തെ വിമർശിക്കുകയും അന്വേഷണയാത്രക്ക് ഉത്സാഹിപ്പിക്കുകയുമാണ് .....وَلَا تَا۟يْـَٔسُوا۟ എന്ന വാക്യത്തിലൂടെ.

ഇവിടെ നിഷേധികൾ(كَافِرُون) എന്നു പറയുന്നത് അല്ലാഹുവിന്റെ അസ്തിത്വത്തെ നിഷേധിക്കുന്നവരെ മാത്രമല്ല. അവന്റെ സർവജ്ഞതയെയും സർവശക്തിയെയും അപാരമായ കാരുണ്യത്തെയും സ്നേഹത്തെയും നിഷേധിക്കുന്നവരെക്കുറിച്ചു കൂടിയാണ്. സർവജ്ഞനും സർവശക്തനും കരുണാവാരിധിയുമായ ഒരു നാഥൻ തനിക്കു മുകളിലുണ്ട് എന്നറിയുന്ന വിശ്വാസിക്ക് ഏതു സാഹചര്യത്തിലും അതൊരു ബലിഷ്ടമായ പിടിവള്ളിയാണ്. അടിമ കാര്യകാരണ വ്യവസ്ഥയനുസരിച്ച് ചെയ്യേണ്ടതെല്ലാം ചെയ്തു കഴിഞ്ഞാൽ അല്ലാഹു കാര്യകാരണ വ്യവസ്ഥക്കതീതമായ ഉപാധികൾ അവന്ന് ഒരുക്കിക്കൊടുക്കും. അല്ലാഹു പറയുന്നു:

وَمَن يَتَّقِ ٱللَّهَ يَجْعَل لَّهُۥ مَخْرَجًا ۝٢ وَيَرْزُقْهُ مِنْ
حَيْثُ لَا يَحْتَسِبُ ۚ وَمَن يَتَوَكَّلْ عَلَى ٱللَّهِ فَهُوَ حَسْبُهُۥٓ ۚ إِنَّ ٱللَّهَ بَـٰلِغُ أَمْرِهِۦ ۚ
قَدْ جَعَلَ ٱللَّهُ لِكُلِّ شَىْءٍ قَدْرًا ۝٣

(അല്ലാഹുവിനോടു ഭയഭക്തിയുള്ളവർക്ക് അവൻ ക്ലേശങ്ങളിൽനിന്ന് മോചന മാർഗമൊരുക്കി കൊടുക്കും. അവർ ഊഹിക്കുക പോലും ചെയ്യാത്ത മാർഗങ്ങളിലൂടെ വിഭവമരുളുകയും ചെയ്യും. അല്ലാഹുവിൽ ഭരമേൽപിക്കുന്നവർക്ക് അവൻ തന്നെ മതി. അല്ലാഹു അവന്റെ കാര്യം നിറവേറ്റാൻ കഴിവുള്ളവനാകുന്നു. എന്നാൽ സകല സംഗതികൾക്കും ഒരു കണക്ക് നിശ്ചയിച്ചു വെച്ചിട്ടുണ്ട്" – 65: 2,3).

ദൈവനിഷേധിക്ക് കാര്യകാരണ വ്യവസ്ഥയുടെ പരിധിവരെ മാത്രമേ ആശിക്കാനും പ്രതീക്ഷിക്കാനും കഴിയൂ. ആ പരിധിയിലെത്തിയിട്ടും ഉദ്ദേശ്യം സഫലമായില്ലെങ്കിൽ പിന്നെ നിരാശപ്പെടുകയല്ലാതെ ഗത്യന്തരമില്ല. ദൈവത്തിൽ വിശ്വസിച്ചിട്ടും

അവൻ തന്റെ ദാസന്മാരുടെ അകവും പുറവും സദാ നിരീക്ഷിച്ചുകൊണ്ടിരിക്കുന്ന സർവജ്ഞനും ദയാമയനുമാണെന്നുമുള്ള ഉറച്ച ബോധമില്ലാത്തവരുടെ അവസ്ഥയും ഇതുതന്നെ. അടിമകളെ അറിയുകയും നയിക്കുകയും സ്നേഹിക്കുകയും ചെയ്യാത്ത ദൈവം യഥാർഥ ദൈവമോ ആരാധ്യനോ അല്ല. അത്തരം വ്യാജ ദൈവങ്ങളിൽ വിശ്വസിക്കുന്നവരും യഥാർഥ ദൈവത്തിൽ വിശ്വസിക്കാത്തവരാണ്. ഇമാം റാസി എഴുതുന്നു: "അറിഞ്ഞിരിക്കുക: മനുഷ്യൻ, ദൈവം കഴിവുകളാൽ പരിപൂർണനല്ല എന്നുവിശ്വസിച്ചാൽ മാത്രമേ ദൈവകാരുണ്യത്തിൽ നൈരാശ്യമുണ്ടാകൂ. അല്ലെങ്കിൽ വിവരങ്ങൾ സമാഹരിക്കുന്ന വിജ്ഞനല്ലെന്നോ ഉദാരനല്ലെന്നോ ലുബ്ധനാണെന്നോ വിശ്വസിക്കുമ്പോൾ. ഈ മൂന്നു കാര്യങ്ങളും സത്യനിഷേധത്തെ, كفر നെ അനിവാര്യമാക്കുന്നു. ഈ മൂന്നു കാര്യങ്ങളിൽ ഒന്ന് ഉണ്ടാകുമ്പോഴേ നൈരാശ്യം ഉണ്ടാകൂ എന്നും അവയിൽ ഓരോന്നും സത്യനിഷേധം (كفر) ആകുന്നു എന്നും വരുമ്പോൾ ഒരുവൻ സത്യനിഷേധി (كافر) ആയ അവസ്ഥയിലല്ലാതെ അവനിൽ നൈരാശ്യം ഉളവാകുകയില്ല എന്ന് സ്ഥിരപ്പെടുന്നു" (*തഫ്സീറുർറാസി* ഭാ: 18 പേ: 199).

**88:** യഅ്ഖൂബ് പുത്രന്മാർ വീണ്ടും ഈജിപ്തിൽ വന്നു. ഈ വരവ്, യൂസുഫിനെ അന്വേഷിച്ചു പോകാൻ പിതാവ് ആവശ്യപ്പെട്ടതനുസരിച്ചാവണമെന്നില്ല. യൂസുഫിനെ ഇനിയും അന്വേഷിച്ചു നടക്കുന്നതിലർഥമില്ലെന്നായിരുന്നുവല്ലോ അവരുടെ നിലപാട്. കൊണ്ടുപോയ ധാന്യം തീർന്നപ്പോൾ വീണ്ടും റേഷൻ വാങ്ങാനായിരിക്കാം അവർ വന്നത്. യൂസുഫിന്റെ മുന്നിൽ അവർ സമർപ്പിക്കുന്ന അപേക്ഷയും സൂചിപ്പിക്കുന്നതതാണ്. തങ്ങൾ കൊടിയ ക്ഷാമത്താൽ ദുരിതബാധിതരാണെന്നാണ് അവർ യൂസുഫിനോട് ആദ്യം പറയുന്നത്. ക്ലേശവും പീഡനവുമാണ് ഭാഷാർഥത്തിൽ ضر. ക്ഷാമം, പട്ടിണി എന്ന് പ്രയോഗാർഥവുമുണ്ട്. അതിനാൽ مَسَّنَا.....اَلضُّرُّ വിനെ 'ഞങ്ങളെ പട്ടിണി ബാധിച്ചിരിക്കുന്നു, എന്നും തർജമ ചെയ്യാവുന്നതാണ്. بِضَٰعَةٍ ന്റെ അർഥം നേരത്തെ വിശദമാക്കിയിട്ടുണ്ട്. م ز ج എന്ന ധാതുവിൽനിന്നുള്ള مَزْج ൽനിന്നോ إزجاء ൽ നിന്നോ ഉണ്ടായ പദമാണ് مُّزْجَىٰةٍ. പലതും ചേർന്ന സമുച്ചയം (Mixture) ആണ് مَزْج. തള്ളിനീക്കലും വിലമതിക്കാതിരിക്കലുമാണ് إزجاء. مُّزْجَىٰةٍ ന്റെ മൂലം مَزْج ആണെങ്കിൽ, ദരിദ്രരായ ഞങ്ങൾ പലതും നുള്ളി കൂട്ടിയുണ്ടാക്കിയ കുറച്ചു വിഭവമാണ് ധാന്യത്തിന് വിലയായി കൊണ്ടുവന്നിരിക്കുന്നത് എന്നാണവർ പറയുന്നത്. إزجاء ൽ നിന്നുള്ളതാണെങ്കിൽ, ഞങ്ങൾ വിലയായി കൊണ്ടുവന്നിരിക്കുന്നത് മൂല്യം കുറഞ്ഞതും താണതും തുച്ഛമായതുമായ ചില ദ്രവ്യങ്ങളാണ് എന്നും. അവരുടെ കൈവശമുണ്ടായിരുന്നത് നാണയങ്ങളല്ല, താണതരം ചരക്കുകളായിരുന്നുവെന്നാണിതു സൂചിപ്പിക്കുന്നത്.

വിലയായി കൊണ്ടുവന്ന താണ ചരക്കുകളുടെ മൂല്യം ആവശ്യമുള്ള ധാന്യത്തിനു മതിയായതല്ലെങ്കിലും റേഷൻ വിഹിതം മുഴുവൻ നൽകണമെന്നും, തങ്ങളുടെ ചരക്കിന്റെ വില അർഹിക്കുന്നതിലധികം തരുന്ന ധാന്യം തങ്ങൾക്കുള്ള ദാനമായി കരുതണമെന്നും ദാനം ചെയ്യുന്നവർക്ക് അല്ലാഹു മഹത്തായ പ്രതിഫലം നൽകുമെന്നും അവർ യൂസുഫിനെ ഉണർത്തി. റേഷൻ പൂർണമായി അളന്നുതരുന്നതിനു പുറമെ താങ്കളുടെ ദാനമായി വേറെ കുറച്ചു ധാന്യങ്ങൾ കൂടി തരേണം എന്നാണ് وَتَصَدَّقْ عَلَيْنَآ യുടെ താൽപര്യം എന്നും ചില പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുണ്ട്. ഈ വാക്യത്തിന്റെ താൽപര്യം അങ്ങ് അടിമയാക്കിയ ഞങ്ങളുടെ സഹോദരനെ ഞങ്ങൾക്ക് ദാനമായി നൽകേണമെന്നാണെന്നും ചിലർ അഭിപ്രായപ്പെട്ടിരിക്കുന്നു.

ചിലയാളുകൾ ഇങ്ങനെ ഒരു ചോദ്യമുയർത്തിയിട്ടുണ്ട്: ദാനമുതലുകൾ പ്രവാചക കുടുംബത്തിന് അവിഹിതമാണല്ലോ. അപ്പോൾ യഅ്ഖൂബ് നബിയുടെ പുത്രന്മാർ ഈജിപ്തിലെ പ്രഭുവിനോട് ദാനം ചോദിച്ചതിനെന്തു ന്യായം? ഇതിനു നൽകപ്പെടുന്ന മറുപടി ഇതാണ്: ദാന മുതൽ അവിഹിതമാക്കിയിട്ടുള്ളത് മുഹമ്മദ് നബിയുടെ കുടുംബത്തിനു മാത്രമാകുന്നു. അതു സംബന്ധിച്ച ഹദീസിൽ അക്കാര്യം വ്യക്തമായി പറഞ്ഞിട്ടുണ്ട്: സ്വഹീഹ് മുസ്‌ലിമും മുസ്നദ് അഹമദും പ്രവാചകൻ പ്രസ്താവിച്ചതായി ഉദ്ധരിക്കുന്നു: ألا إنّ الصدقة لا تنبغى لمحمد ولا لآل محمد (അറിയുവിൻ, ദാനമുതലുകൾ മുഹമ്മദിനും മുഹമ്മദിന്റെ കുടുംബത്തിനും അവിഹിതമാകുന്നു).

**89:** സഹോദരന്മാർ അല്ലാഹുവിനെക്കുറിച്ചും ദാനത്തെക്കുറിച്ചും ദയാദാക്ഷിണ്യത്തെക്കുറിച്ചും വാചാലരായ ഈ സന്ദർഭം തന്നെയാണ്, താൻ ആരാണെന്ന് വെളിപ്പെടുത്താൻ ഉചിതമായ സന്ദർഭമെന്ന് യൂസുഫ്(അ) കരുതി. അവരുടെ എളിമയാർന്ന അപേക്ഷ അദ്ദേഹത്തിന്റെ മനസ്സലിയിച്ചിരിക്കാം. വലിയ കൊമ്പന്മാരും വമ്പന്മാരുമായി അഹങ്കരിച്ചിരുന്നവർ ഇപ്പോഴിതാ തന്റെ മുമ്പിൽ യാതൊരു നാണവുമില്ലാതെ യാചിക്കാൻ പോലും തയാറായിരിക്കുന്നു. ഇതുവരെ തന്നോടും സഹോദരനോടും കടുത്ത പകയുണ്ടായിരുന്നുവെങ്കിലും ഇപ്പോൾ അവരുടെ മനസ്സിൽ ദൈവവിചാരവും ധർമബോധവുമുണർന്നിട്ടുണ്ട്. അവർക്കും തനിക്കുമിടയിൽ അപരിചിതത്വത്തിന്റെ തിരശ്ശീല ഇനിയും നിലനിർത്തുന്നതു ഉചിതമല്ല. ഈ വിചാരത്തോടെ അദ്ദേഹം അവരോടു ചോദിച്ചു: പണ്ട് നിങ്ങൾ അറിവും വിവേകവുമില്ലാത്ത മൂഢന്മാരായിരുന്ന കാലത്ത് യൂസുഫിനോടും അവന്റെ സഹോദരനോടും ചെയ്ത കടുംകൈകളൊക്കെ തെറ്റായിരുന്നുവെന്ന് ഇപ്പോൾ മനസ്സിലായോ? إِذْ أَنتُمْ جَٰهِلُونَ (നിങ്ങൾ ജാഹിലുകൾ ആയിരുന്നപ്പോൾ) എന്നാണ് മൂലവാക്യം. ഈ പശ്ചാത്തലത്തിൽ 'ജാഹിൽ' അതിന്റെ എല്ലാ അർഥങ്ങളെയും വഹിക്കുന്നതാണ്.

യൂസുഫ്(അ) ആക്ഷേപ സ്വരത്തിലല്ല സഹോദരന്മാരോടിതു പറയുന്നത്. അവരുടെ പഴയ നടപടിയെ അധിക്ഷേപിക്കുന്നതിനു പകരം അവർക്കുവേണ്ടി ഒരൊഴിവുകഴിവ് അദ്ദേഹം തന്നെ അവതരിപ്പിക്കുകയാണ്, 'നിങ്ങൾ ജാഹിലുകളായിരുന്നപ്പോൾ' എന്ന്. വരുന്ന 92-ാം സൂക്തത്തിൽ അവർക്കു പൊറുത്തുകൊടുക്കാൻ അദ്ദേഹം പരമകാരുണികനായ അല്ലാഹുവിനോടു പ്രാർഥിക്കുന്നുമുണ്ട്. ഒരു പ്രവാചകന്റെ ഹൃദയവിശാലതയും സഹോദരസ്നേഹവുമാണിത് പ്രകാശിപ്പിക്കുന്നത്. പ്രവാചകന്മാരെപ്പോലുള്ള മഹാന്മാർ അങ്ങനെയാണ്. തങ്ങളോട് അധർമവും അക്രമവും പ്രവർത്തിച്ചവരോട് സന്ദർഭം കിട്ടിയാലുടനെ പ്രതികാരം ചെയ്യുക അതവരുടെ രീതിയല്ല. അക്രമം ചെയ്യുന്നവരോടല്ല, അക്രമത്തോടാണ് അവരുടെ എതിർപ്പും വെറുപ്പും. അക്രമം നിർമാർജനം ചെയ്യാൻ പ്രതികാരം അനിവാര്യമാകുമ്പോഴേ പ്രതികാരത്തിനു മുതിരൂ. അക്രമികൾ അവരുടെ ദുർനടപടികളിൽനിന്ന് സ്വയം പിന്മാറി ധർമമാർഗത്തിലേക്ക് വരുന്നത് കണ്ടാൽ അവർ നേരത്തെ തങ്ങളോടു ചെയ്തിട്ടുള്ള ക്രൂരതകളെല്ലാം, അവരുടെ അന്നത്തെ അവിവേകത്തിന്റെയും അജ്ഞതയുടെയും ഫലമായി ഉണ്ടായ പാളിച്ചകളായി കണക്കാക്കി മറക്കാനും പൊറുക്കാനും അവരുടെ ഗുണകാംക്ഷികളും സുഹൃത്തുക്കളുമായി വർത്തിക്കാനും മഹാന്മാർ മുന്നോട്ടുവരുന്നു. ■